
മരക്കാപ്പിലെ
പൂമ്പാറ്റകൾ

# ആമുഖം

ലിറ്റിൽ കൈറ്റ്സ് പഠനപ്രവർത്തനത്തിന്റെ ഭാഗമായി ജി.എഫ്.എച്ച്.എസ്.കാഞ്ഞങ്ങാട് മരക്കാപ്പ്കടപ്പുറംസ്കൂൾ 2019-2021 വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്സ് നടപ്പിലാക്കിയ ഡിജിറ്റൽ മാഗസീനിൽ കുട്ടികൾ എഴുതിയ ആസ്വാദനകുറിപ്പുകളാണ് കൂടുതലും ഉൾപ്പെടുത്തിയിരിക്കുന്നത്.കുട്ടികളുടെ മലയാളം ടൈപ്പിങ്ങിനുള്ള അഭിരുചി വളർത്തുന്നതിനോടൊപ്പം സർ ഗശേഷിയുടെ പ്രതിഫലനം കൂടിയാണിത്.

ചീഫ് എഡിറ്റർ

# പത്രാധിപസമിതി

ചീഫ് എഡിറ്റർ :എം.കെ.പ്രഭാകരൻ

എഡിറ്റർ :ഇന്ദു.പി

സ്റ്റുഡന്റ് എഡിറ്റർ :മറിയം സന.കെ

എഡിറ്റോറിയൽ ബോർഡ്

അംഗങ്ങൾ :വിനീത.ഇ

അനാമിക

തസ്ലീമ.കെ

ഷാഹിന.എൻ.പി

ആമിനത്ത് റഹീമ.കെ

മുവ്വിറ.എം

ലെന.എ.കെ

കൃഷ്ണപ്രിയ.കെ.വി

രഞ്ജിമ

ദേവനന്ദ.എം

അമൃത.എം

നവീൻ.ഒ.വി

അജ്മൽ.എ.ബി

ജിഷ്ണു.ടി.കെ

# ഉൾപ്പേജുകളിലൂടെ


## ആസ്വാദനകുറിപ്പ്

അമ്മമ്മ
ഉള്ളാൾ
മീര പാടുന്നു
സഞ്ജയൻ ഹാസ്യകൃതികൾ
ഉമ്മമാർക്കുവേണ്ടി ഒരു സങ്കട ഹരജി
റോബിൻസൺ ക്രൂസോ
പ്രഭാത ജീവിതം
ഖലീഫ ഉമ്മറിന്റെ പിൻമുറക്കാർ
ആ വാഴവെട്ട്
തലസ്ഥാന നഗരിയിലെ കാഴ്ചകൾ
തെയ്യം കഥകൾ
സുന്ദരി കാക്ക
മുല്ലാനസറുദ്ദീന്റെ കുസൃതികൾ
എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ
പ്രേമലേഖനം
ഒരച്ഛൻ മകൾക്കയച്ച കത്തുകൾ
റേഡിയേഷനും മനുഷ്യനും

## ലേഖനം

ജൂൺ19 വായനാദിനം

## വ്യക്തിപരിചയം

പണ്ഡിറ്റ് കെ.പി.കറുപ്പൻ
വൈക്കം മുഹമ്മദ് ബഷീർ
ചെറശ്ശേരി
വള്ളത്തോൾ

## കഥ

പുത്തനുടുപ്പ്
ഇരുട്ട്
കോഴിയും കുറുക്കനും
ശത്രു സ്നേഹം

## കവിത

മഴത്തുള്ളി
സ്നേഹം
ആവണിപ്പാട്ട്
जगमग तारा

## സ്കൂൾ പ്രവർത്തന കാഴ്ചകൾ

# ആശംസ



ജി.എഫ്.എച്ച്.എസ്.കാഞ്ഞങ്ങാട് മരക്കാപ്പ്കടപ്പുറംസ്കൂൾ 2019-2021 വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീന് എല്ലാ വിധ ആശംസകളും നേരുന്നു.

എം.കെ.പ്രഭാകരൻ
ഹെഡ്മാസ്റ്റർ
ജി.എഫ്.എച്ച്.എസ്.കാഞ്ഞങ്ങാട്
മരക്കാപ്പ്കടപ്പുറം

# ആശംസ



ജി.എഫ്.എച്ച്.എസ്.കാഞ്ഞങ്ങാട് മരക്കാപ്പ്കടപ്പുറംസ്കൂൾ 2019-2021 വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീന് എല്ലാ വിധ ആശംസകളും നേരുന്നതോടൊപ്പം ഐടി മേഖലയിൽ ഇതുപോലുള്ള പുതിയ സർഗാത്മകമായ സംരഭങ്ങൾ ഉണ്ടാകട്ടെ എന്നു കൂടി ആശംസിക്കുന്നു.

**ചന്ദ്രൻ.എം.പി**

**SITC**

**ജി.എഫ്.എച്ച്.എസ്.കാഞ്ഞങ്ങാട്**

**മരക്കാപ്പ്കടപ്പുറം**

ആസ്വാദനകുറിപ്പ്

# അമ്മമ്മ

പി. സുരേന്ദ്രൻ എഴുതിയ അമ്മമ്മ എന്ന ഒരു ചെറുകഥ ഞാന് വായിച്ചിരുന്നു. അതിൽ അമ്മമ്മയുടെ വേഷം കണ്ടാൽ ആർക്കും മനസ്സിലാക്കും ഇവർ പാവപ്പെട്ട കുടുംബമാണെന്ന് .അമ്മമ്മയ്ക്ക് ഒറ്റ സാരി മാത്രമേയുള്ളൂ.

അതു തന്നെ അലച്ച് അലച്ച് അതിന്റെ നിറം പോയി.

പിന്നെ അമ്മ ചെരുപ്പും ധരിക്കാറില്ല. ഒരു ദാരിദ്ര ജീവിതമാണ് അമ്മമ്മയുടെത്. മൂന്ന് പേരക്കുട്ടികളെ പോറ്റിവളർത്താൻ വേണ്ടി അമ്മമ്മതന്നെ അധ്വനിക്കണം. ആ മൂന്നു മക്കളും അമ്മമ്മയുടെ മകളുടെ മക്കളാണ്. ആ മകളെ കല്യണം കഴിപ്പിചതോടെ അമ്മമ്മയ്ക്ക് ഒരു തൃപ്തിയും ഇല്ലകാരണം അവളുയർടെ ഭർത്താവ് തികഞ്ഞ മദ്യപാനിയായിരുന്നു. അപ്പോഴും അമ്മമ്മ തന്നെ അധ്വാനിക്കണം.അതെക്കെ കൊണ്ട് അമ്മമ്മയുടെ ഒരോയൊരു മകൾ മരിച്ച്പോയി. അതേ തുടർന്ന് അവളുടെ അവളുടെ ഭർത്താവ് ആ മൂന്നു മക്കളെയും ഉപോക്ഷിച്ചു.അങ്ങനെ ആ മൂന്നു മക്കളേയും പോറ്റി വളർത്തുന്നത് അമ്മമ്മയാണ് . ഇളയകുട്ടിക്ക് 2 േവയസ്സുളള പോഴാണ് കുട്ടികളുടെ അമ്മ മരണപ്പെട്ടത്. ഇപ്പോൾ മൂത്തവൻ ഒൻപതിലും താഴെയുളളവൻ ഏഴിലുമാണ്. മൂന്ന്

പോരുടെയും ചിലവ് നിറവേറ്റാൻ കഴിയാത്തതുകൊണ്ട് അവനെ അമ്മ ഹോസ്റ്റലിൽ കൊണ്ട് ചോർത്തത്

അമ്മ ചെരുപ്പും ധരിക്കാറില്ല. ഒരു ദാരിദ്ര ജീവിതമാണ് അമ്മമ്മയുടെത്. മൂന്ന് പേരക്കുട്ടികളെ പോറ്റിവളർത്താൻ വേണ്ടി അമ്മമ്മതന്നെ അധ്വനിക്കണം. ആ മൂന്നു മക്കളും അമ്മമ്മയുടെ മകളുടെ മക്കളാണ്. ആ മകളെ കല്യണം കഴിപ്പിചത്തോടെ അമ്മമ്മയ്ക്ക് ഒരു തൃപ്തിയും ഇല്ലകാരണം അവളുയർടെ ഭർത്താവ് തികഞ്ഞ മദ്യപാനിയായിരുന്നു. അപ്പോഴും അമ്മമ്മ തന്നെ അധ്വാനിക്കണം.അതെക്കെ കൊണ്ട് അമ്മമ്മയുടെ ഒരോയെരു മകൾ മരിച്ചു പോയി. അതേ തുടർന്ന് അവളുടെ അവളുടെ ഭർത്താവ് ആ മൂന്നു മക്കളെയും ഉപോക്ഷിച്ചു.അങ്ങനെ ആ മൂന്നു മക്കളേയും പോറ്റി വളർത്തുന്നത് അമ്മമ്മയാണ് . ഇളയകുട്ടിക്ക് 2 ◌േവയസ്സുള്ള പ്പോഴാണ് കുട്ടികളുടെ അമ്മ മരണപ്പെട്ടത്. ഇപ്പോൾ മൂത്തവൻ ഒൻപതിലും താഴെയുള്ളവൻ ഏഴിലുമാണ്. മൂന്ന് പോരുടെയും ചിലവ് നിറവേറ്റാൻ കഴിയാത്തതുകൊണ്ട് അവനെ അമ്മ ഹോസ്റ്റലിൽ കൊണ്ട് ചോർത്തത്

*********************************************

english corner

# The Little Round Red House

*On a cold,rainy,and windy saturday in October,a little boy was bored.He went down to the kitchen where his mother was reading the newspaper and he said,'Mom,I don't know that to do.I'm bored, bored,bored.'*

*His mother looked up from her paper and smiled.*

*'Why don't you draw a picture with your new crayons?'*

*'I already drew a hundred pictures,' he said.I'm bored,bored,BORED.'*

*'Well,why don't you read one of your new library books?'She suggested.*

*I already read all of my books a thousand times.*

*I'm bored,BORED,BORED!'He said.*

*'How about playing with your toys?'She said.*

*I already played with a million toys.I'm BORED,BORED,BORED,!'*

*Most of the time,mothers don't like it when their children say they are bored.'I was never bored when I was you age,' they say;though this can't be true,can it?*

കവിത

# जगमग तारा

देश हमारा, देश हमारा
चमके जैसे जगमग तारा
देश हमारा, देश हमारा
सतय आहिमसा का रखवारा।

വ്യക്തിപരിചയം

# പണ്ഡിറ്റ് കെ.പി.കറുപ്പൻ

**1885-ൽ ചേരാനല്ലൂരിൽ ജനനം.ധ്രുവചരിതം, സൗദാമിനി,പഞ്ചാവടി,ശകുന്തളം, ബാലാകലേശം,ഉദ്യാനവിരുന്ന്, ദൈവിപരീണയം,ജാതിക്കുമ്മി,ഭാഷാ നാടകം തുടങ്ങിയവ പ്രധാന ക്രുതികൾ.1938-ൽ മരണം.**

ആസ്വാദനകുറിപ്പ്

# ഉള്ളാൾ

കേന്ദ്രസാഹിത്യ അക്കാദമിയുടെ യുവ പുരസ്കാരം നേടിയ പി.വി.ഷാജികുമാറിന്റെ ഏറ്റവും പുതിയ

കഥാസമാഹാരം.പുതുകഥയുടടെ ഭാവുകാത്വം പ്രകടമാകുന്ന 13 കഥകളുടെ സമാഹാരമാണിത്.

ഈ കഥകളോരോന്നും സമകാലിക കഥയുടെ നവീനതയും വ്യത്യസ്തതയും വിളംബരം ചെയ്യുന്നവയാണ്.

സുജൻ,അമ്മ,റഹീം,നാരായണൻ,രാജേന്ദ്രൻ,

കണ്ണൻ എന്നിങ്ങനെ ഒട്ടനേകം കഥാപാത്രങ്ങൾ ഉള്ളാൾ എന്ന കഥയിലുണ്ട്.മാത്രമല്ല ഈ കഥയിലെ ഓരോ സംഭാഷണവും നമ്മെ വായിക്കാൻ പ്രേരിപ്പിക്കുന്നു.സ്നേഹത്തോടുകൂടിയും ലാളനയോടുകൂടിയും വളർത്തിയ സഹോദരി അന്യമതത്തിൽപ്പെട്ട ഒരു വ്യക്തിയുമായി വിവാഹം കഴിച്ചു എന്നറിഞ്ഞപ്പോൾ സുജന്റെ മനസ്സിന് അത് വലിയൊരു ആഘാതമായി

നാട്ടുകാരുടെ പരിഹാസം സഹിക്കാതായപ്പോൾ

സഹോദരിഭർത്താവിനെ എന്നന്നേക്കുമായി ഇല്ലാതാക്കാൻ സുജൻ ആൾക്കാരെ നിയമിക്കുകയും പിന്നീട് കുറച്ച് ദിവസങ്ങൾക്ക് ശേഷം സഹോദരിയുടെ ഭർത്താവായ റഹീം തെറ്റേറ്റ് പറഞ്ഞ് സുജനോട് മാപ്പ് അപേക്ഷിക്കുകയും ചെയ്തപ്പോൾ സുജന്റെ മനസ്സലിഞ്ഞു.റഹീമിനെ കൊല്ലാൻ അയാൾക്ക് കഴിയാതെ വരുകയും റഹീമിന്റെ സ്ഥാനത്ത് സുജൻ കൊലയാളികളുടെ മുന്നിലേക്ക് നിന്ന് കൊടുക്കുകയും ചെയ്യുന്നതാണ് ഈ കഥയുടെ ആശയം വളരെ മനോഹരമായൊരു കഥയാണിത്.

**Lena.A.K. 9A**

ആസ്വാദനകുറിപ്പ്

# മീര പാടുന്നു

ഈ കവിത എഴുതിയത് കവിയത്രിയുടെ പേര് അഷിത .ഇതിനു വേണ്ടി ചിത്രീകരണം ചെയ്തത് സംഗീത്.ഈ കവിത എനിക്ക് വളരെ യേറെ ഇഷ്ടപ്പെട്ടു.ഇതിൽ ഒരു പെൺകുട്ടിയാണ് പാട്ട് പാടുന്നത്.അവളുടെ പേര് മീര

എന്നാണ്. കൃഷ്ണനോടുള്ള ഉപാധിരഹിതമായ

പ്രേമത്തിന്റെ ഗീതങ്ങളാണ്.മീരഭജനകൾ അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും എത്രയോ

പാട്ടുകൾ പാടി കഴിഞ്ഞിട്ടും കൃഷ്ണനിൽ അനുരക്തമായ ഹൃദയങ്ങൾ ക്കു പ്രിയങ്കരമാണിവ.ഹൃദ്യവും ചേതഹരവുമായി ആലപിക്കാവുന്ന ഇവയിൽ ചാരുത,വിരഹ ദു:ഖം,സമാഗമ സന്തോഷം എന്നിവയെല്ലാം

നിറയുന്ന പ്രേമം.അതിന്റെ സകല സൗന്ദര്യ

ഭാവങ്ങളോടും ഔന്നത്യത്തോടു കൂടി പ്രതിഫലിക്കുന്നതു കാണാം.ഒപ്പം മീരയുടെ അനുരാഗവിവശമായ ഹൃദയവും അതിൽ പ്രതിബിംബിക്കുന്ന കൃഷ്ണരൂപത്തിന്റെ നാനാഭാങ്ങളും ദർശിക്കാം. കൃഷ്ണനോടുള്ള നിരുപാധികമായ പ്രേമം അതിന്റെ സകലഭാവങ്ങളോടും കൂടി ജ്വലിക്കുന്ന ഭജനകൾ.

ആസ്വാദനകുറിപ്പ്

# സഞ്ജയൻ ഹാസ്യ കൃതികൾ

സഞ്ജയന്റെ മലയാള സാഹിത്യ ലോകത്ത് കടന്നുവരവ് വലിയൊരു ഉണർവ്വുണ്ടാക്കി.മുപ്പതുകളിലും നാൽപതുകളിലും ഉള്ള എല്ലാസാഹിത്യ ചലനങ്ങളെയും ആലോചനക്കു വിഷയമാക്കുകയും പ്രതികരിക്കുകയും ചെയ്തു അദ്ദേഹം.യഥാസ്ഥികമെന്നു തോന്നാവുന്ന പല ചിന്തകളും അദ്ദേഹം ഉൽപാതിപ്പിച്ചിട്ടുണ്ട്. അവതരണത്തിലെ ഔത്സുക്യവും ഹൃദയാവർജകത്വവും ഭിന്നാഭിപ്രായക്കാരെപ്പോലും അദ്ദേഹത്തോടടുപ്പിക്കുന്നു.സാഹിത്യത്തിലെ പുത്തൻപ്രവണതകളെ ഹാസ്യത്തിന്റെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ നിശിതവിമർശനത്തിനു വിധേയമാക്കിയിട്ടുണ്ട് സഞ്ജയൻ.

ജീവത്സാഹിത്യപ്രസ്ഥാനം,ഇടപ്പള്ളി കവിതകളിലെ വിശാകദാത്മകഥ,ചങ്ങമ്പുഴ കവിതയിലെ അതിവൈകാരികത,ആര്യവിദ്വേഷം തുളുമ്പുന്ന പള്ളത്തുരാമന്റെ കവിതകളൊക്കെ മുപ്പതുകളിലെ പൂർവ്വഘട്ടത്തിൽ അതിശക്തമായി വായനാക്കാരെ സ്വാധീനിച്ചപ്പോൾ തന്റെ കാവ്യ സംസ്കാരത്തിന് വിരുദ്ധമെന്നുംതോന്നിയവയെല്ലാം മുനകൂർത്ത ഹാസ്യത്തിലൂടെ

നേരിടാൻ സഞ്ജയൻ തയ്യാറായി.സാഹിത്യ ചരിത്രത്തെ നിഷ്പക്ഷമായി വിലയിരുത്തുന്നയാൾക്ക് സഞ്ജയന്റെ നിലപാടുകൾ ഒട്ടേറെ ശരിയായിരുന്നുവെന്ന് കണ്ടെത്താനാകും.സാഹിത്യ സംബന്ധിയായി
സഞ്ജയനെഴുതിയ ഹാസ്യ ലേഖനങ്ങളാണ് ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ളത്.ഈ പുസ്തകം എഴുതിയത് രമേശൻ ബ്ലാത്തൂരാണ്.

മറിയം ഫഹീമ

**9a**

# പഴഞ്ചൊല്ലുകൾ

പറിച്ച നട്ടാലെ കരുത്തു കൂട്ടു.

ഉഴുന്ന കാള വിത്തറിയേണ്ട.

നെല്ലറ പൊന്നറ.

കോരി വിതച്ചാൽ കുറച്ചെ കൊയ്യൂ.

ഒരു വിത്തു വിതച്ചാൽ പലവിത്ത് വിളയും.

## അധ്വാനവുമായി ബന്ധപ്പെട്ട ചൊല്ലുകൾ

മടിയൻ മല ചുമക്കും.

എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം.

ഒത്തു പിടിച്ചാൽ മലയും പോരും.

വിയർത്തവന്റെ വിഷപ്പിനു സുഖമേറും.

അധ്വാനത്തിന്റെ വേരുകായ്ക്കും കായ മധുരിക്കും.

## വെള്ളം പഴഞ്ചൊല്ലിൽ

പലത്തുള്ളി പെരുവെള്ളം.പുഴ പഴയത് വെള്ളം പുതിയത്.

വെള്ളം പോകും വഴി മീനും.

കവിത

# മഴത്തുള്ളി

പോകല്ലേ..... പോകല്ലേ....
ഞങ്ങളെ കൈവിട്ടു നാക-...
ത്തേക്കാൻ മഴത്തുള്ളികളേ....
പുല്ലുകളിങ്ങിനെ പച്ച ....
വിരിച്ചിട്ട്
നിങ്ങളാൽ
മിന്നുന്ന റാണിമരായ്

കഥ

# പുത്തനുടുപ്പ്

ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീടുണ്ടായിരുന്നു.ആ വീട്ടിൽ അച്ഛനും അമ്മയും മീനു എന്ന പെൺക്കുട്ടിയും താമസിച്ചിരുന്നു. അവളുടെ അച്ഛനും അമ്മയും ഒരു പാവപ്പെട്ടവരായിരുന്നു. അവളുടെ ചെറിയ ചെറിയ ആഗ്രഹങ്ങളൊന്നും സാധിച്ചു കൊടുക്കാനുള്ള കഴിവ് അവർക്കുണ്ടായിരുന്നില്ല. മീനുവിന്റെ നാളുകളായുള്ള ആഗ്രഹമായിരുന്നു അവൾക്കൊരു പുത്തനുടുപ്പ് വാങ്ങണമെന്നത്. അവളുടെ കൂട്ടുക്കാർക്കെല്ലാം നല്ല ഭംഗിയുള്ള ഉടുപ്പുണ്ടായിരുന്നു. അവൾ അവളുടെ ആഗ്രഹം അവളുടെ അച്ഛനോടും അമ്മയോടും പറഞ്ഞു. അവളുടെ അച്ഛന്റെയും അമ്മയുടെയും കൈയ്യിൽ ഉടുപ്പു വാങ്ങാനുള്ള പണം ഉണ്ടായിരുന്നില്ല. അവളുടെ വാശി കാരണം മീനുവിന്റെ അനുജനായി പിറക്കുവാൻ പോകുന്ന കുഞ്ഞിനെ പൊന്നരഞ്ഞാണം വാങ്ങാൻ സൂക്ഷിച്ചു വച്ച പണം കൊണ്ട് അവളുടെ ആഗ്രഹം സാധിച്ചു കൊടുത്തു. അങ്ങനെ മീനുവിന് നല്ല ഭംഗിയുള്ള ഉടുപ്പുക്കിട്ടി. അവൾക്കത് കിട്ടയപ്പോൾ വളരെയധികം സന്തോഷമായി. അവൾ പിറ്റേ

ദിവസം തന്നെ ഉടുപ്പു ധരിച്ചു കൊണ്ട് പള്ളിക്കൂടത്തിൽ പോയി. അങ്ങനെ കൂട്ടുകാരികൾക്കു മുന്നിൽ സന്തോഷത്തോടെ നടന്നു.

കഥ

# ഇരുട്ട്

നേരം സന്ധ്യ ആകാറായി ഇരുട്ട് അവിടവിടെ പടർന്നു. എന്നിട്ടും അയാൾക്ക് മാത്രം ഭയം ഉണ്ടായിരുന്നില്ല. കൈയിലെ വന്തൽ വെളിച്ചത്തിൽ മെല്ലെ മല്ലെ തന്റെ ഓലമേഞ്ഞ വീട്ടിലേക്കു നടന്നു. അപ്പോഴും ഇരുട്ടിന്റെ ഗതിമാറിയില്ല. വീട്ടിലേക്കുള്ള ചെറിയ ഇടവഴിയിലൂടെ അയാൾ നടന്നു. വീട്ടിന്റെ അപ്പുറത്തെ പറമ്പിൽ ആൾ താമസം ഇല്ലാത്ത ഒരു വീടുണ്ട്. അവിടെയുള്ളവർക്ക് ആ വീട് വേണ്ട ; അവർ ദൂരെയായി താമസിക്കുന്നു. അവർക്ക് ആ വീട്ടിൽ തന്റെ മുത്തശ്ശിയുടെ പ്രേതമുണ്ട് എന്ന് കരുതിയാണ് അവർക്ക് ആ വീടുവേണ്ടാത്തത്. പക്ഷേ,ആ വീട് വഴി യാത്രക്കാർക്ക് പ്രയോജനപ്പെടും. മഴ വന്നാൽ കയറി നിൽക്കാനും ആളുകൾക്ക് അത് പ്രയോജനപ്പെടും. അങ്ങനെ ആ വീട്ടിന്റെ ഇടയിലൂടെ നടക്കുമ്പോൾ ഒരു നിഴൽ തന്നെ കൺമുന്നിൽ ആദ്യം സൂക്ഷിച്ച നോക്കി. പിന്നെ അതിനെ കണ്ട ഭാവമില്ലാതെ അയാൾ ഇരുട്ടിൽ നിശാന്തതയിലേക്ക് നടന്നു നീങ്ങിയിരുന്നു. അപ്പോഴും ആ നിഴൽ

**അയാളെ പിൻതുടർന്നു. തനിക്ക് ആരേയും ഭയമില്ല എന്ന് വിചാരിച്ചു പോകിമ്പോൾ കാറ്റിന്റെ ആഞ്ഞുള്ള വീശലിൽ റാന്തൽ കെട്ടു. അപ്പോൾ മാറാത്ത ഇരുട്ടിന്റെ ഗതി കുറച്ചു കൂടി.അ**

ആസ്വാദനകുറിപ്പ്

# ഉമ്മമാർക്ക വേണ്ടി വേണ്ടി ഒരു സങ്കടഹരജി

വായനയുടെ സ്വഭാവത്തിൽ കാലാനുഗതമായ ഒരു മാറ്റം അനുദിനം സംഭവിക്കുന്നുവെന്നത് ഒരു യാത്ഥാാത്ഥ്യമാണ് .രണ്ടു ദശകങ്ങൾക്ക മുമ്പ് മാധ്യമങ്ങളുടെ സജീവമായ ചർച്ചയ്ക്കും വിവാദങ്ങൾക്കും വഴിതെളിച്ച ചർച്ചയും അതിന്റെ വിയോജനക്കുറിപ്പുകളുമാണ് 'ഉമ്മമാർക്ക വേണ്ടി ഒരു സങ്കടഹരജി' യെ ശ്രദ്ധേയമാക്കിയത് .

വായനയ്ക്കും പുനർവായനയ്ക്കും വിധേയമാക്കേണ്ട ഇത്തരം ഒരു ഗ്രന്ഥത്തിന്റെ സാധ്യതയെപ്പറ്റി ശ്രീ.എം.എൻ കാരശ്ശേരിയുമായി ചർച്ച ചെയ്യുകയും ഈഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് മുൻ കൈയ്യെടുക്കുകയും ചെയ്തത് ഡി.സി ബുക്സിലെ എഡിറ്റർ ജോർജി തോമസാണ് .ഈ പുസ്തകത്തിലെ പ്രശ്നം നമ്മുടെ നാട്ടിലെ മുസ്ലിം

സ്ത്രീകൾ നേരിടുന്ന നാനാവിധേയമായ വിവേചനമാണ് . പൗരോഹിത്യത്തെ ഏറ്റെതിർക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ജന്മദൗത്യം. ഈ പുസ്തകത്തിൽ കാണുന്ന മതവിധികളിൽ ചിലത് വിശദമാവാൻ സി.എൻ അഹ്മദ് മൗലവി,മങ്കട അബ്ദുൽ അസീസ് മൗലവി,വി.എ കബീർ എന്നിവരുമായുള്ള ചർച്ചകൾ ഉപകരിച്ചിട്ടുണ്ട് . ഷാബാനു കേസിന്റെ വിധി,മുസ്ലിം വനിതാബില്ല് എന്നിവയുടെ നിയമ വശങ്ങളിൽ ചിലത് മനസ്സിലാക്കുവാനും വിശകലനം ചെയ്യുവാനും സഹായിച്ചത് പ്രൊഫ.എംകെ.എൻ ചോറ്റിയുമാണ് .ഇത് എഴുതിയത് എം.എൻ.കരശ്ശേരിയാണ് .

ആസ്വാദനകുറിപ്പ്

# റോബിൻസൺ ക്രൂസോ

ബീന ജോർജ് പുനരാഖ്യാനം ചെയ്ത ഒരു സചിത്ര ക്ലാസിക് കൃതികളിൽ ഒന്നാണ് റോബിൻസൺ ക്രൂസോ.വായനക്കാരിലേക്ക് നല്ല നല്ല അറിവുകൾ

ഇത് വായിക്കുമ്പോൾ എത്തുന്നുണ്ട്.ഇതിലൊരു

മുഖ്യ കഥാപാത്രമാണ് റോബിൻസൺ ക്രൂസോ.

നല്ല കുടുംബത്തിലാണ് ഇദ്ദേഹം ജനിച്ചത്.നഅച്ഛൻ

ഒരു വലിയ ധനികനായിരുന്നു.അച്ഛന്റെ ആഗ്രഹം

ഇയാളെ ഒരു വക്കിൽ ആക്കണമെന്നായിരുന്നു.

പക്ഷെ ഇയാൾക്ക് ഇഷ്ടം കടൽ യാത്രയായിരുന്നു.

അങ്ങനെ ഒരു ദിവസം ഇവരുടെ വഞ്ചി കടലിൽ

പോയപ്പോൾ മറിഞ്ഞു.ഇദ്ദേഹത്തിന് നീന്തൽ

അറിയുമായിരുന്നു .അതുകൊണ്ട് ഇയാൾ രക്ഷപ്പെട്ടു.എവിടെയോ ഒരു കാട്ടിൽ എത്തി താൻഅവിടെ ഒറ്റപ്പെട്ടു.കിടക്കാൻ ഒരു നല്ല വീടില്ല.

ആഹാരമില്ലാതെ.അങ്ങനെ അവിടെ പണിയെടുത്തു ഒരു ചെറിയ വീടുകെട്ടി.വീണ്ടും ഇദ്ദേഹം കപ്പലിൽപ്പോയി അവിടെ നിന്ന് ഒരു

യുദ്ധമുണ്ടായി .പിന്നെ ഇയാൾ ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കി.വിവാഹം കഴിച്ച് കുട്ടികളായി

സുഖമായി നല്ല വീടും കെട്ടി കപ്പലിൽ പോകാതെ

സന്തോഷത്തോടെ ജീവിച്ചു.ഇതാണ് ഈ കഥ.

നല്ല ആശയമാണ് ഇതിൽ കിട്ടുന്നത് .ഇപ്പോഴത്തെ മനുഷ്യർക്ക് ഇതൊരു ഗുണപാഠമാണ.

## ആസ്വാദന കുറിപ്പ്

ഞാൻ വായിച്ച പുസ്തകമാണ് റൊവാൾഡ് ഡാലിന്റെ ചാർളിയും ചോക്ലേറ്റ് ഫാക്ടറിയും.ഈ കൃതി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ജോസഫ് ലായേലാണ്.ഇതിലെ പ്രധാന കഥാപാത്രമാണ് ചാർളി ബക്കറ്റ് എന്ന കുഞ്ഞു പയ്യൻ.ചാർളി ബക്കറ്റിനു ചോക്ലേറ്റ് മറ്റെന്തിനെക്കാളും വളരെ ഇഷ്ടമാണ്.വയറു നിറയെ ചോക്ലേറ്റ് കഴിക്കണം എന്നായിരുന്നു അവന്റെ സ്വപ്നം.എന്നാൽ അവന് ചോക്ലേറ്റ് കിട്ടുന്നത് തന്നെ ഒരു വർഷത്തിൽ ഒരിക്കലാണ് അത് അവന്റെ പിറന്നാളിന്.ഒരിക്കൽ ചോക്ലേറ്റ് ഫാക്ടറി ഉടമ മിസ്റ്റർ വില്ലി വോങ്ക ലോകത്തിലേക്കും ഏറ്റവും വിചിത്രമായൊരു ആശയം മുന്നോട്ടു വച്ചത്.തന്റെ ഫാക്ടറി അഞ്ചു കുട്ടികൾക്കായി തുറന്നു കൊടുക്കാൻ തീരുമാനിച്ചു.

അവിടെ എത്തിപ്പെടാൻ ഗോൾഡൻ ടിക്കറ്റാണ് വേണ്ടത്.ആ അഞ്ചു കുട്ടികൾ :-അഗസ്റ്റസ് ഗ്ലൂപ്പ് കൊതിയൻ ചെക്കൻ,വെറൂക്ക സാൾട്ട് മാതാപിതാക്കൾ നശിപ്പിച്ച പെൺ കുട്ടി,വയലറ്റ് ബ്യൂൾഗാദ് ദിവസം മുഴുവനും ഗം ചവയ്ക്കുന്ന പെണ്ണ്,മൈക്ക് ടീവി ടെലിവിഷൻ കാണുക ഒഴിച്ച് മറ്റൊന്നും ചെയ്യാത്ത പയ്യൻ.പിന്നെ നമ്മുടെ നായകൻ കുഞ്ഞു ചാർളി.തീർച്ചയായും ഈ കൃതി എല്ലാവർക്കും ഇഷ്ടപ്പെടു

ആസ്വാദനകുറിപ്പ്

# പ്രഭാത ദീപം

കെ.പി കേശവമേനോന്റെ പ്രഭാതദീപം എന്ന പുസ്തകത്തിൽ ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ ചില മാർഗ നിർദേശങ്ങളാണ് ഉള്ളത്. ജീവിതത്തിന്റെ വഴിത്തിരിവിൽ നിൽക്കുന്ന കൗമാരക്കാരനായ കുട്ടികളെ സഹായിക്കുവാനുള്ള ഉദ്ദേശ്യത്തോടു കൂടിയാണ് ഈ ചെറിയ ഗ്രന്ഥം എഴുതിയിരിക്കുന്നത് .സുഖവും സന്തുഷ്ടിയും കുട്ടികളുടെ ജന്മാവകാശമാണ് വലിയവർ ക്കെന്നതുപോലെ കുട്ടികൾക്കും പല പ്രശ്നങ്ങളും ഉണ്ടാവും അവയൊക്കെ മറികടക്കാൻ കുട്ടികൾക്ക് ധൈര്യം പകർന്ന് നൽകുന്നതാണ് ഈ പുസ്തകം.പന്ത്രണ്ടു വയസ്സിനും പതിനാറു വയസ്സിനും മധ്യേയുള്ള കാലം കുട്ടികളുടെ ജീവിതത്തിൽ അതിപ്രധാനമായ ഒരു ഘട്ടമാണ് കൗമാരത്തിൽ നിന്ന് പതുക്കെ യൗവനത്തിലേക്ക് നീങ്ങുന്ന

ആസ്വാദനകുറിപ്പ്

# ഖലിഫ ഉമറിന്റെ പിൻമുറക്കാർ

ഞാൻ വായിച്ചത് ടി പത്മനാഭന്റെ ഖലീഫ ഉമറിന്റെ പിൻമുറക്കാർ എന്ന

കഥയാണ് അദ്ദേഹത്തിന്റെ ഈ കഥ വായിക്കുമ്പോൾ ഒരുപാട് കഴിഞ്ഞ കാലത്തെക്കുറിച്ച് ഓർമ്മ വരുന്നു.ഇദ്ദേഹം ഈ ഖലീഫ ഉമറിന്റെ പിൻ മുറക്കാർ എന്ന കഥയിൽ വ്യക്തികളെക്കുറിച്ചും,സ്മരണകളെക്കുറിച്ചും,അനുഭവങ്ങളെക്കുറിച്ചും കുറിപ്പുകൾ അഭിമുഖങ്ങൾ എന്നിവയാണ് ടി പത്മനാഭൻ ഈ കഥയിൽ എഴുതിരിക്കുന്നത്. ഇത് എഴുതാൻ ഇദ്ദേഹത്തെ സഹായിച്ചത് അകം മാസികയുടെ പത്രാധിപരായ ശ്രീ.സി.പി ചന്ദ്രനാണ്. മലയാള കഥാ സാഹിത്യത്തിലെ സൂര്യതേജസ്സായ ടി.പത്മനാഭന്റെ അതി മനോഹരമായ ഒരു കഥയാണിത്. പ്രശസ്ത ഭിഷഗ്യരനും പ്രവാസിയുമായ

ഡോ.ആസാദ്മൂപ്പനെയും അദ്ദേഹത്തിന്റെ ബന്ധുവായ ഡോ.കസെനുദ്ധീ-

**നെയും കുറിച്ചുള്ള ലേഖനം അതീവഹൃദ്യമാണ്. ഒപ്പം തന്നെ ബഷീറിനെയും. ഉൾപ്പെടുത്തി പറയുന്നുണ്ട്. ബഷീറിന്റെ സ്വഭാവത്തെയും അദ്ദേഹത്തിന്റെ നല്ല മനസ്സിനെയും കുറിച്ച് ഇതിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ബന്ധുവായ ഡോ.ആസാദ് മൂപ്പനെയും സൈനുദ്ദീനെയും കുറിച്ചും ഇതിൽ പറയുന്നുണ്ട്. അവർക്ക് എല്ലാവർക്കും പ്രിയപ്പെട്ട ഒരു ഡോക്ടറാണ് ഡോ. സൈനുദ്ദീൻ. അദ്ദേഹം നല്ല സ്വഭാവക്കാരനും രോഗികളെ നല്ലത് പോലെ ചികിത്സിക്കുന്നു. ഒരു ഡോക്ടറുമാണ് ഡോ. സൈനുദ്ദീൻ അതു കൊണ്ട് തന്നെ അദ്ദേഹത്തെ അവിടത്തെ എല്ലാ ജനങ്ങൾക്കും പ്രിയപ്പെട്ടതാണ്.**




## സ്കൂൾ പ്രവർത്തന കാഴ്ചകൾ



ആസ്വാദനകുറിപ്പ്

# ആ വാഴവെട്ട്

പൊൻകുന്നം വർക്കി എഴുതിയ ഇപ്പോൾ സമൂഹത്തിൽ നടക്കുന്ന നിയമങ്ങളും നിർണയങ്ങളും ചൂണ്ടികാണിക്കുന്ന

ഒരു കഥയാണ് ആ വാഴവെട്ട് സമൂഹത്തിൽ ഇപ്പോൾ നടക്കുന്ന കൊള്ളരുതായിമ വരും തലമുറയ്ക്ക് പകർന്ന് ഒരു

പുതുലോകം സൃഷ്ടിച്ചെടുക്കാൻ ഈ കഥയൊരു പ്രചോദനമാണ് തുണയില്ലാത്ത ജീവിതങ്ങളുടെ

ഭയമാണ് ഇന്നത്തെ ഗവൺമെന്റ് അവരുടെ സ്വന്തം

താൽപര്യങ്ങൾ ജനങ്ങളിലേക്ക് അടിച്ചമർത്തുകയാണ് പുതിയ നിയമങ്ങളും ചട്ടങ്ങളും .മൃഗങ്ങളുടെ അത്ര പോലും

ബുദ്ധിയും വിവേകവും ഇല്ലാത്ത മനുഷ്യൻ മനുഷ്യന്റെ വംശം തന്നെ ഓരോ പ്രവർത്തിയിലൂടെ ഇല്ലാതാക്കുന്നു.

ഇങ്ങനെ ചെയ്യുന്ന ഗവൺമെന്റ് മനസ്സിലാ-

ക്കുന്നില്ല ഇതിനൊക്കെ ബലി കൊടുക്കുന്നത് ഓരോ പാവപ്പെട്ട ജീവിതങ്ങളാണ്. പണക്കാർക്ക് താഴ്ന്ന

നിലയിലുള്ള റേഷൻ കാർഡും പാവപ്പെട്ടവർക്ക് ഉന്നത നിലയിലുള്ള കാർഡുമാണ് സർക്കാർ കൊടുക്കുന്നത്. ഇതിനൊക്കെയുള്ള ഒരു ഉദാഹരണമാണ് ആ വാഴവെട്ട്

എന്ന കഥയിലെ കഥപാത്രമായ മാർക്കോ


സുചേട്ടനും കുടുംബവും

" ഇതിനെതിരെ ഇന്നത്തെ വിദ്യാര്ത്ഥികൾ

പോരാട്ടം എന്ന് ഞാൻ വിശ്വസിക്കുന്നു"


REDMI NOTE 6 PRO
MI DUAL CAMERA


SHOT ON REDMI 7
AI DUAL CAMERA


സിവിൽ സർവീസ്
റാങ്ക് ജേതാവ്
SHOT ON REDMI 7
AI DUAL CAMERA


SHOT ON REDMI 7
AI DUAL CAMERA




## സ്കൂൾ പ്രവർത്തന കാഴ്ചകൾ



ആസ്വാദനകുറിപ്പ്

# തലസ്ഥാന നഗരിയിലെകാഴ്ചകൾ

ഡൽഹി, അതാണ് നമ്മുടെ തലസ്ഥാനം. ഡൽഹിയിൽ കാണാൻ ഒരുപാടുണ്ട്. ചെങ്കോട്ട, കുത്തുബ് മിനാർ, ജുമാമസ്ജിദ്, നിസാമുദ്ദീൻ ഔലിയാഇന്റെ മഖ്ബറ അങ്ങനെ, അങ്ങനെ. ഞാൻ

ഡൽഹിയിൽ പോയവാട് നിസാമുദ്ദീൻ ഔലിയാഇന്റെ മഖ്ബറക്കടുത്ത് ഒരു ലോഡ്ജിലാണ് താമസിച്ചത്. ഒരു ദിവസമേ ഡൽഹിയിൽ ഉണ്ടായിരുന്നുള്ളൂ. നമ്മൾ ലോഡ്ജിന്റെ അടുത്തുള്ള കേരളാഹോട്ടലിൽ നിന്നാണ് ഭക്ഷണം കഴിച്ചത്. അവിടുന്ന് നമ്മൾ ഒരു ട്രാവലറാക്കി. ട്രാവലറിന്റെ ഡ്രൈവർക്ക് ഡൽഹിയിലെ വിനോദ സഞ്ചാരകേന്ദ്രങ്ങളെല്ലാം അറീയാമായിരുന്നു. അയാൾ നമ്മളെ ആദ്യം ചെങ്കോട്ടയിൽ ഇറക്കി. അവിടുന്ന് കുറച്ച് ദൂരമേയുള്ളൂ , ജുമാ മസ്ജിദിലേക്ക്. ജുമാമസ്ജിദിൽ നിന്നും അവിടെ അടുത്തുള്ള ഒരു ഔലിയാഇന്റെ മഖ്ബറയിലേക്കും പോയി. പിന്നെ കുത്തുബ് മിനാറിലേക്കും പോയി. അവിടെ റോഡിലൂടെ നടക്കുമ്പോൾ നമ്മുടെ തലന്റെ മുകളിലൂടെ വിമാനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പോകുന്നത് കാണാം. പിന്നെ നമ്മൾ രാജ്ഘട്ട് , ഇന്ദിരാഗാന്ധിയുടെയും രാജീവ്

ഗാന്ധിയുടെയും മ്യൂസിയം , രാഷ്ട്രപതി ഭവൻ , ഇന്ത്യാഗേറ്റ്,രാജ്ഭവൻ തുടങ്ങിയവ കാണാൻ പോയി. ഇന്ദിരാഗാന്ധിയുടെ മ്യൂസിയം , അത് കാണേണ്ടത് തന്നെയാണ്. അവര് ഉപയോഗിച്ച പേന മുതൽ സാരി വരെയുണ്ട്. അവരുടെ ഡൈനിംഗ് റൂം, പുസ്തകങ്ങൾ, അവരെ കുറിച്ചുള്ള പത്രക്കട്ടിങ്ങുകൾ, ചെറുപ്പം മുതൽ മരിക്കുന്നത് വരെയുള്ള ഫോട്ടോകൾ അങ്ങനെ പലതും അവിടെ ഉണ്ട്. മ്യൂസിയത്തിന് ചുറ്റും പച്ചപ്പുല്ലാണ്. ഇത് കഴിഞ്ഞ് നമ്മൾ നേരെ ലോഡ്ജിലേക്ക് മടങ്ങി.

മടങ്ങുന്ന വഴിക്കാണ് രാജ്ഘട്ടും രാഷ്ട്രപതിഭവനും കണ്ടത്.

പഞ്ചപാണ്ഡവരുടെ കാലത്തുണ്ടായ ഒരു കെട്ടിടവും കണ്ടിരുന്നു.

പിന്നെ ഇന്ത്യൻ സൈനികർ താമസിക്കുന്ന സ്ഥലവും പ്രധാന മന്ത്രി കുറച്ച് കാലം താമസിച്ച സ്ഥലവും കണ്ടിരുന്നു. പിന്നെ നമ്മൾ ലോഡ്ജിലെത്തി സാധനങ്ങളെല്ലാം എടുത്ത് റെയിൽവേ സ്റ്റേഷനിലേക്ക് മടങ്ങി. സ്റ്റേഷനിൽ ഏഴ് പ്ലാറ്റ്ഫോമുകളുണ്ട്.

അവസാനം നമ്മൾ നിസാമുദ്ദീൻ എക്സ്പ്രസിൽ തിരിച്ച് കേരളത്തിലേക്ക് വന്നു.

മറിയം സന. കെ

ആസ്വാദനകുറിപ്പ്

# തെയ്യം കഥകൾ

അംബികാസുതൻ മാങ്ങാടിന്റെ അതിമനോഹരമായ മലയാളത്തിലെ ഒരു കഥയാണ് തെയ്യം കഥകൾ. അതിൽ അദ്ദേഹം തെയ്യങ്ങളെ കുറിച്ചാണ് പറയുന്നത്. ഇത് വായിച്ചപ്പോൾ തെയ്യത്തെ കുറിച്ചാണ് പറയുന്നത്. ഇത് വായിച്ചപ്പോൾ തെയ്യത്തെ കുറിച്ചുള്ള ഒരുപാട് നല്ല കാര്യങ്ങൾ എനിക്ക് മനസ്സിലായി. ഉത്തരകേരളത്തിന്റെ ആത്മാഭിമാനത്തിന്റെയും സാംസ്കാരികതയുടെയും അടയാളമാണ് തെയ്യം. എഴുത്തുകാരെ സംബന്ധിച്ച് നിധി പേടകമാണ് ഓരോ തെയ്യവും.

നാട്ടുപാരമ്പര്യത്തിൽ നിന്നു പ്രതിരോധത്തിന്റെ ചില വീണ്ടെടുപ്പുകൾ ഉണ്ടാവുകയാണിവിടെ. അദ്ദേഹം ഒരുപാട് നോവലുകളും, കഥകളും എഴുതിയിട്ടുണ്ട്. അങ്ങനെ എഴുതിയ ഒരു കഥയാണ് മലയാളത്തിലെ തെയ്യം കഥകൾ. തെയ്യത്തെ കുറിച്ച്

പറയുകയാണെങ്കിൽ പലതരത്തിലുള്ള തെയ്യങ്ങൾ നമ്മുടെ കേരളത്തിലുണ്ട്.

തെയ്യാനുഭവങ്ങളുടെ ആഴവും പരപ്പും ഈ കഥകളിൽ നിന്നു വായിച്ചെടുക്കാം. ഉത്തരകേരളത്തിലെ സമൂഹമനസ്സിൽ വേരുറപ്പോടെ നിൽക്കുന്ന സംസ്കാര മുദ്രയാണ് തെയ്യം. ഭാഷാവബോധത്തിൽ നിന്ന് ഭാഷയുണ്ടാകുന്നത് പോലെ സമസ്തൃഷ്ടിമനസ്സിലെ അമൂർത്തമായ തെയ്യസംസ്കൃതിയിൽ നിന്ന് ഉത്ഭവം കൊള്ളുന്നവയാണ് തെയ്യങ്ങൾ.

ജാതിയുടെയും ജന്മിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും രക്തചിഹ്നങ്ങളാണ് തെയ്യങ്ങളൊക്കെയും. ഗുളികൻ, കുട്ടിച്ചാത്തൻ,

പൊട്ടൻ, മുച്ചിലോട്ട് ഭഗവതി, നരസിംഹമൂർത്തി, പനിയൻ തീച്ചാമുണ്ഡി,

ഭഗവതി, ചാമുണ്ഡി തുടങ്ങിയ തെയ്യങ്ങൾ കഥയുടെ പ്രമേയപരിസരത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മറ്റുള്ള കഥകളെപ്പോലെ ഏതെങ്കിലും ഒരു പ്രത്യേക തെയ്യത്തെ കേന്ദ്രമാക്കി ഈ കഥ മുന്നേറുന്നില്ല. പകരം തെയ്യക്കാരുടെ ജീവിതത്തിന്റെ ഏറ്റവും അടുത്ത അനുഭവത്തിലെ കണ്ണീരും കിനാവും പങ്കുവയ്ക്കുകയാണ്. പാരമ്പര്യവും പാരമ്പര്യവിച്ഛേദവും

എങ്ങനെ കൂട്ടായ്മയുടെയും ഉപകൂട്ടായ്മയുടെയും ഉത്കണ്ഠകളായി മാറാം എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു. അംബികാസുതൻ മാങ്ങാടിന്റെ ശ്രദ്ധേയമായ രചനയാണ് 'മുച്ചിലോട്ടമ്മ' എന്ന കഥ. തെയ്യക്കാരുടെയും തെയ്യക്കൂട്ടായ്മയുടെയും, കൂട്ടായ്മയുടെ സ്ത്രൈണലോകത്തിന്റെയും ദു:ഖം പല മാനങ്ങൾ തേടി കഥയിൽ എരിപിരി കൊള്ളുന്നു.

ചാമുണ്ടി, കരിചാമുണ്ടി, രക്തചാമുണ്ടി എന്നീ നാട്ടുദൈവങ്ങൾ യഥാക്രമം ഈ കഥകളിൽ പ്രത്യക്ഷമാവുന്നുണ്ട്. മലയാളത്തിലെ ശ്രദ്ധേയമായ കഥാകാരൻമാരുടെ ഈ രചനകൾ ഭാഷ കൊണ്ടും ആഖ്യാനം കൊണ്ടും വ്യത്യസ്ഥമാണ്. ഈ തെയ്യം കഥകൾ വായിച്ചപ്പോൾ തെയ്യം എന്താണെന്ന് മനസ്സിലായി. കേരളത്തിലെ കലാരൂപമാണ് തെയ്യം. തെയ്യം പ്രമേയമായി മലയാളത്തിൽ എഴുതപ്പെട്ട പതിനേഴ് കഥകളുടെ സമാഹാരമാണ്. അത്ര ലളിതമോ, നിസാരമോ അല്ല. സാഹിത്യത്തിലെ നാട്ടുഭാഷയുടെ സംസ്കാരപാഠം എന്ന് ഈ കഥകൾ വെളിപ്പെടുത്തുന്നു. എത്ര വായിച്ചാലും മതിവരാത്ത ഒരു കഥയാണ് അംബികാസുതൻ മാങ്ങാടിന്റെ തെയ്യം കഥകൾ.

അജ്മൽ എ. ബി

ആസ്വാദനകുറിപ്പ്

# സുന്ദരി കാക്ക

**ഞാൻ വായിച്ച പുസ്തകമാണ് സുന്ദരി കാക്ക.ജോൺ ആലുങ്കലിന്റെ ഒരു പ്രസിദ്ധമായ പുസ്തകമാണ് സുന്ദരി കാക്ക.**

**സുന്ദരി കാക്ക എന്ന പുസ്തകം മലയാള ബാല സാഹിത്യത്തിലെ ഒരു സുന്ദരമായ കൃതിയാണ് സുന്ദരി കാക്ക ഒരു ചെറുകഥയാ-ണിത് .ഇതിലെ പ്രധാന കഥാപാത്രങ്ങളാണ് രണ്ട് കുട്ടികളും കാക്കയും. ഇവരെ കുറിച്ചാണ് ഇതിൽ പറയന്നത്.ഈ കഥ ബാല കൗമാര മനസ്സുകളെ മാത്രമല്ല മുതിർന്നവരെയും രസിപ്പിക്കു**

*ന്നതാണ്*

*കഥ*

# കോഴിയും കുറുക്കനും

ഈ കഥയുടെ പേര് കോഴിയും കുറുക്കനും ഈ കഥ ഗുണപാഠകഥൾളാണ് ഇതിൽ കുറയെ കഥകൾ ഉണ്ട്.കാലങ്ങളായി മലയാളഭാഷയിൽ

പ്രചാരത്തിലിരിക്കുന്ന കുറെ ഗുണപാഠകഥകളുടെ പുനരാഖ്യാനമാണ് ഈ കൃതി .പ്രോയോഗികബുദ്ധി,ഔചിത്യ ബോധം ആത്മാർഥത വകതിരിവ് സമർപ്പണം തുടങ്ങിയ സദ്ഗുണങ്ങൾക്ക് ജിവിതത്തിലുള്ള സ്ഥാനമാണ് ഈ പുസ്തകത്തിലെ ഓരോ കഥയും പറയുന്നത്.ഇതിലെ മനോഹരമായ കഥകളും ചിത്രങ്ങളും കുട്ടികൾക്കും മാത്രമല്ല മുതിർന്നവരും ഇഷ്ട്ടപെടും ഇതിൽ പലതരം കഥകൾ ഉണ്ട് തവളകളുടെ വിവേകം കോഴിയും കുറുക്കനും ചുണ്ടെലിയും തവളയും കാക്കയും കുറുക്കനും ,അഹങ്കാരം ആപത്ത്,സ്വാർത്ഥൻ പഠിച്ച പാഠം ,നന്ദി ആരോട് ? മുക്കുവനും കൊച്ചു മത്സ്യവും ,രക്ഷപെടാൻ നൂറു വിദ്യകൾ പക്ഷേ.......... കിണറ്റിൽ വീണ കുറുക്കൻ അനുകമ്പയുള്ള പ്രാവ്.

*കഥ*

# ശത്രു സ്നേഹം

ഒരിടത്ത് ഒരു ചാക്കോ എന്ന പള്ളീലച്ചനും മുഴുകുടിയനായ തോമയുമുണ്ടായിരുന്നു.ആ അച്ചൻ എല്ലാവരെയും ഉപദേശിച്ചുകൊണ്ടിരിക്കും,അതുകൊണ്ട്

എല്ലാവരും ആ അച്ചനെ "ഉപദേശി ചാക്കോച്ചൻ" എന്നാണ് വിളിച്ചിരുന്നത്.ചാക്കോച്ചൻ ഏറ്റവും കൂടുതൽ ഉപദേശിച്ചത് തോമയെയാണ്.ഒരു ദിവസം കുടിയനായ തോമ വഴിയിലൂടെ നടന്നു പോകുന്നുണ്ടായിരുന്നു.അപ്പോൾ ചാക്കോച്ചൻ കുടിയനായ തോമയെ കണ്ടു.അപ്പോൾ ചാക്കോച്ചൻ തോമയോട് പറഞ്ഞു:തോമയേ...നീ നന്നാവില്ലെന്ന് തീരുമാനിച്ചിരിക്കുകയാണോ?തോമ പറഞ്ഞു:എന്തേ ഉപദേശി...ഈ മദ്യപാനം എന്ന് അച്ചൻ പറഞ്ഞു.അപ്പോൾ തോമ പറഞ്ഞു:അത് ഉപദേശീ... അച്ചൻ പറഞ്ഞു:മദ്യം മനുഷ്യന്റെ ശത്രുവാണ് തോമാ. അപ്പോൾ തോമ പറഞ്ഞു:അതൊക്കൊ ശരി തന്നെ.എന്റെ മദ്യപാനത്തിന് കാരണം അച്ചനാ!... അച്ചൻ പറഞ്ഞു:കർത്താവേ..ഞാനോ..അതെങ്ങനെ?

**അപ്പോൾതോമ പറഞ്ഞു:അച്ഛനല്ലേ പറയാറ് ശത്രുനിനെയും സ്നേഹിക്കണമെന്ന്.**

ലേഖനം

# ജൂൺ 19

# വായനദിനം

'വായിച്ചു വളരുക'എന്ന സന്ദേശവുമായി കേരളത്തിലെ വീട്ടുവീടാന്തരം കയറിയിറങ്ങിയ പി.എൻ പണിക്കർ പുസ്തകങ്ങളുടെ വിശാലമായ ലോകംമലയാളിക്കുപരിചയപ്പെടുത്തിക്കൊടുത്തു. കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനിത്തിനും നേതൃത്വം നൽകിയത് പുതുവായിൽ നാരായണ പണിക്കരെന്ന പി.എൻ.പണിക്കരാണ്

1909 മാർച്ച് 1 ന് കോട്ടയം ജില്ലയിലെ

നിലംപേരൂർ ഗ്രാമത്തിൽ പുതുവായിൽ ഗോവിന്ദ-

പിള്ളയുടെയും ജാനകിയമ്മയുടേയും മകനായി ജനിച്ചു.ചെറുപ്പത്തിൽ തന്നെ വായനയിൽ ആകൃഷ്ടനായിരുന്നു.നിലംപേരൂറും പരിസരത്തുമായി പ്രാഥമിക വിദ്യാഭ്യാസം നടത്തിയ അദ്ദേഹം

ഗ്രന്ഥശാലപ്രവർത്തനം തുടങ്ങിയത് സ്വന്തം ഗ്രാമത്തിലെ'സനാതനധർമ്മ' വായനശാലയിൽ നിന്നും ആണ്.

സാഹിത്യപഞ്ചാനൻ പി.കെ നാരാണപ്പിള്ളയുടെ പേരിൽ ഒരു ഗ്രന്ഥശാല വേണമെന്ന പണിക്കാരുടെ ആഗ്രഹം സഫലമായത് 1938 ലാണ്.ചില സുഹൃത്തുക്കളുടെ സഹായത്തോടെ തുടങ്ങിയ പി.കെ മെമ്മോറിയൽ സ്ഥാപനസെക്രട്ടറിയായി.

പണിക്കരുടെ ശ്രമഫലമായി 1945 സെപ്റ്റംബർ 16 ന് തിരുവിതാംകൂർ ഗ്രന്ഥശാലാസമ്മേളനം പി.കെ മെമ്മോറിയൽ ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ വിളിച്ച ചേർത്തു.കന്യാകുമാരി മുതൽ പറവൂർ വരെയുള്ള തിരുവിതാംകൂർ പ്രദേശത്ത് നൂറിലേറെ ഗ്രന്ഥശാലകളുണ്ടായിരുന്നു.ആയിരത്തിലേറെ ഗ്രാമങ്ങളിൽ വായനയുടെ പുതുവെളിച്ചം എത്തിക്കാൻ പണിക്കാരുടെ ശ്രമത്തിനായി.1949 ജൂലൈയിൽ തിരുവിതാംകൂർ,കൊച്ചി ഇവ ഒന്നായപ്പോൾ സംഘത്തിന്റെ പേര് തിരു-കൊച്ചി ഗ്രന്ഥശാലാസംഘമെന്നാക്കി.അങ്ങനെ 1958

സെപ്റ്റംബറിലാണ് കേരളഗ്രന്ഥശാല പിറവിയെടുക്കുന്നത്.ഗ്രന്ഥശാലാസംഘത്തിൽ മാത്രമല്ലായിരുന്ന ജനകീയ അടിസ്ഥാനത്തിലും ഈ പ്രവർത്തനം അദ്ദേഹം ചെയ്തു.

ഇന്ന് കേരളത്തിൽ ഒന്നരക്കോടിയിലേറെപേർ ലൈബ്രറികളിലായി പ്രവർത്തച്ച വരുന്നു.വായന എന്നും അദ്ദേഹത്തിന് പ്രിയപ്പട്ടതായിരുന്നു.

ജീവിതത്തിൽ വിശ്രമമില്ലാതെ പ്രവർത്തിച്ച പണിക്കർ 1994-ൽ ഗ്രന്ഥശാലാസംഘം സുവർണ്ണജൂബിലി ആഘോഷിച്ചപ്പോൾ അമ്പലപ്പുഴയിൽ നടത്തിയ കാൽനടജാഥയുടെ മുന്നിൽ 85-ാം വയസ്സിലും എത്തിയിരുന്നു.1989-ലെ ലൈബ്രറീസ് ആക്ട് പ്രകാരം രൂപമാറ്റം വരുത്തിയ സംസ്ഥാന ലൈബ്രറി കൗൺസിൽ 1994 ഏപ്രിൽ മുതൽ കേരളത്തിലെ മുഴുവൻ ലൈബ്രറികളുടെയും നിയന്ത്രണം ഏറ്റെടുത്തു.ഒരു വർഷം കഴിഞ്ഞ് 1995 ജൂൺ 19 ന് പി.എൻ പണിക്കർ ഈ ലോകത്തോട് വിട പറഞ്ഞു.

ആമിനത്ത് റഹീമ കെ.കെ 9A

ആസ്വാദനകുറിപ്പ്

# മുല്ലാനസ്റുദ്ധീന്റെ കുസൃതികൾ

എം എൻ കാരശ്ശേരി സമാഹരിക്കുകയും കെ. ആർ രാജി ചിത്രങ്ങൾ വരയ്ക്കുകയും ചെയ്ത "മുല്ലാനസ്റുദ്ധീന്റെ കുസൃതികൾ" എന്ന പുസ്തകത്തിൽ മുല്ലാ നസ്റുദ്ധീൻ എല്ലാവരെയും ചിരിപ്പിക്കുകയും ഒപ്പം ചിന്തിപ്പിക്കുകയും
ചെയ്യുന്നു. 52 മുല്ലാ നസ്റുദ്ധീന്റെ കുസൃതികളുടെ സമാഹാരമാണിത്. ഈ 52 കഥകളുടെ സമാഹാരത്തിൽ നിന്ന് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്
ഒന്നാംതരം പെൺകിടാവ്. എന്ന കഥയാണ് ഈ കഥ ഇങ്ങനെ പയ്യിനെ വിൽക്കാൻ ചന്തയിൽ ചെന്ന മുല്ല വാങ്ങാനാളെ കിട്ടാതെ കഷ്ട്പെട്ടു.

അപ്പോഴാണ് അയൽക്കാരൻ വന്നത്. ഞാനൊന്ന് നോക്കട്ടെ, മുല്ലാ... നിങ്ങൾ ഇതൊക്കെ തകരാറാക്കിയിരിക്കണം .

മുല്ല വിചാരിച്ചു ഈ വിദ്യ ഞാൻ പഠിക്കേണ്ടതുണ്ട് .

പയ്യിന്റെ ഗുണഗണങ്ങളെപ്പറ്റി അയൽക്കാരൻ വലിയ വായയിൽ വിളിച്ചു പറഞ്ഞു. ഒന്നാന്തരം പശു. അഞ്ചു മാസം കൊണ്ട് പെറും. ഒന്നാന്തരം കിടാവ് . നിറയെ പാൽ.

പയ്യ് വിറ്റ് പോയി.

വീട്ടിൽ മടങ്ങിയെത്തിയപ്പോൾ മകളുടെ കല്യാണമാലോചിച്ച് ഒരു ചെറുപ്പക്കാരൻ വന്നിരിക്കുന്നു. കാലിച്ചന്തയിൽ നിന്ന് പഠിച്ച വിദ്യ

മുല്ല പറഞ്ഞു കൊടുത്തു. ഒന്നാന്തരം പെൺ കിടാവ്.അഞ്ച് മാസം കൊണ്ട് പെറും. ഒന്നാന്തരം പെൺ കിടാവ്. നിറയെ പാൽ.

ആ ചെറുപ്പക്കാരൻ മുന്നും പിന്നും നോക്കാതെ ഓചിയതെന്തെന്ന് എത്ര ആലോചിച്ചിട്ടും മുല്ലയ്ക്ക് മനസ്സിലായില്ല. മുല്ലാ നസ്രുദ്ധീന് പറ്റിയ അബദ്ധം മനസ്സിലായല്ലോ? ഇതു പോലെയുള്ള കഥകളായതിനാൽ വായന ആസ്വാദകരമായിത്തീർന്നു.

മുനവ്വിറ
9A

വ്യക്തിപരിചയം

# വൈക്കം മുഹമ്മദ് ബഷീർ

**(1908-1994)**

**1908 ജനുവരി 21 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തു. അതിന്റെപേരിൽമർദ്ദനത്തിനിരയാകുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർ**

**ഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. പിന്നീട് ആഫ്രിക്ക,അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും ബാല്യകാലസഖി,പപാത്തുമ്മയുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്നീ കൃതികൾ**

ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്യു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മതിലുകൾ,ശബ്ദങ്ങൾ,പ്രേമലേഖനം എന്നീ കൃതികളുംപൂവൻപഴം ഉൾപ്പെടെ 16 കഥകളുടെ സമാഹാരവും ഓറിയന്റ് ലോങ്മാൻ ഇംഗ്ലീഷിൽ

പ്രസിദ്ധീകരിച്ചു.സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലോഷിപ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു.1994 ജൂലായ് 5 ന് നിര്യാതനായി.

നവീൻ.ഒ.വി

ആസ്വാദനകുറിപ്പ്

# എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

മഹാത്മ ഗാന്ധിയുടെ ആത്മകഥയാണ് "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ".ഇതിൽ ഗാന്ധിജിയുടെ കുടുംബത്തെ പറ്റിയും കുട്ടിക്കാലത്തെ സംഭവങ്ങളെയും വിശദമായി പറയുന്നുണ്ട് . ബാല്യവിവാഹമാണ് ഗാന്ധിജിയുടേത് .13-ാം വയസ്സിലാണ് ഗാന്ധിജിയുടെ വിവാഹം കഴിഞ്ഞത് .

ഗാന്ധിജിയുടെ ഹൈസ്കൂൾ പഠനത്തെക്കുറിച്ച് അവിടെ

നടന്ന സംഭവങ്ങളെല്ലാം പറയുന്നുണ്ട് .ഗാന്ധിജി ആദ്യമായി ട്രെയിനിൽ യാത്ര ചെയ്തത് രാജ്കോട്ടിൽ നിന്ന് അഹമ്മദാബാദിലേക്കാണ് .ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പല സമരങ്ങളെക്കുറിച്ചും ഇതിൽ വിശദമായി വിവരിച്ചിട്ടുണ്ട് .ഗാന്ധിജി പഠിച്ച് ഒരു വക്കീലായി ഒരു വക്കീൽ എന്ന നിലയ്ക്ക് താൻ പരാജയപെടില്ലെന്ന് ആത്മവിശ്വാസം നേടിയിരുന്നു .

അതിൽ പരാജയപ്പെടുകയും ചെയ്തു .ഈ ആത്മ കഥ പല ഭാഷകളിലേക്കും പരിഭാഷ ചെയ്തിട്ടുണ്ട് .പല സമര മുറകളും ഈ ആത്മ കഥയിൽ പറയുന്നുണ്ട് .

ആസ്വാദനകുറിപ്പ്

# പ്രേമലേഖനം

വൈക്കം മുഹമ്മദ് ബഷീർ

ലോക പ്രശസ്തനായ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ 'പ്രേമലേഖനം' എന്ന ചെറുകഥയാണ് ഞാൻ വായിച്ചത്. ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളാണ് കേശവൻനായരും സാറാമ്മയും.ഈ കഥയിലെ കേശവൻനായർക്ക് സാറാമ്മയെ വലിയ ഇഷ്ടമാണ്.ആ ഇഷ്ടം സാറാമ്മ ഒരിക്കലും അറിഞ്ഞിരുന്നില്ല.സാറാമ്മയുടെ അമ്മച്ചി അവളുടെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി.പിന്നീട് അവളുടെ അപ്പച്ചൻ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തു.പിന്നീട് സാറാമ്മയ്ക്ക് അവളുടെ വീട്ടിൽ ജയിൽ ജീവിതത്തെ പോലെയായിരുന്നു.ആ സമയത്താണ് കേശവൻ നായർ സാറാമ്മയോട് പ്രണയാഭ്യർഥന നടത്തിയത്.

ജീവിതം യൗവനതീക്ഷണവും പ്രേമസുരഭിലവുമായിരിക്കുമ്പോൾ ജീവിതത്തിന് മധുരം പകരാൻ മറ്റൊന്നും ആവശ്യമില്ല.

കേശവൻനായർ എന്ന യുവാവ് സാറാമ്മ എന്ന യുവതിയിൽ അനുരാഗക്തനായി.വിവാഹം പ്രായം കഴിഞ്ഞ സാറാമ്മ കേശവൻനായരോട് ഒരു ജോലി തരപ്പെടുത്തി കൊടുക്കാൻ അപേക്ഷിക്കുന്നു.സാറമ്മയെ ഞാൻ സ്നേഹിക്കുന്നതു പോലെ സാറമ്മ എന്നെയും സ്നേഹിക്കണം എന്നതായിരുന്നു അയാൾ നിർദ്ദേശിച്ച ജോലി.സമുദയ സൗഹാർദത്തിനോ സന്മാർഗ ചിന്തയ്ക്കോ കോട്ടം തട്ടാത്ത വിധത്തിൽ ഒരു പ്രണയകഥ വിജയകരമായി അവതരിപ്പിക്കുകയാണ് ബഷീർ.

ഷാഹിന.എൻ.പി

9A

കവിത

# സ്നേഹം

അമ്മയുടെ സ്നേഹം
മനസ്സിലൊരു വിങ്ങലായി
അമ്മയാണ് ദൈവമെന്നാരോ...
ചൊല്ലിടുന്നു...
സ്നേഹത്തിൻ നറുമണമായി
മനസ്സിന്റെ ഒരു കോണിൽ
കേൾക്കാം.....ഒരു താരാട്ടുപാട്ട്.....
അമ്മയുടെ നൊമ്പരം
അറിയുന്നു ഇന്നു ഞാൻ
പരിഹാരം കാണാൻ കഴിയില്ല...
എന്നൊരു ദുഃഖം മാത്രം...
പൊന്നലകൾ അണിഞ്ഞു നിൽക്കും
അമ്മ കിളിക്കൂട്
സ്നേഹിക്കാൻ അറിയാം എന്നും...
ഒരു പൂക്കളെ പോലെ....

തസ്നീമ പി.വി
*9A*

ആസ്വാദനകുറിപ്പ്

# ഒരച്ഛൻ മകൾക്കയച്ചകത്തുകൾ'

എനിക്ക് ഇഷ്ടപ്പെട്ട പുസ്തകമാണ് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ'.ഇതിൽ ഇരുപത്തേഴ് കത്തുകളുണ്ട്.ആദ്യത്തെ നമ്മുടെ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു തന്റെമകളായ ഇന്ദിരഗാന്ധിയ്ക്ക് അയച്ച കത്തുകളാണ്

ഇതിൽ. ഇതിലെ ഓരോ കത്തുകളും വീട്ടുകാര്യങ്ങളെ കുറിച്ചോ, സുഖസൗകര്യത്തെ കുറിച്ചോ അല്ല,മറിച്ച് പ്രപഞ്ചസത്യത്തെ കുറിച്ചുംസസ്യജന്തുജാലങ്ങളുടെഉൽഭവത്തെ കുറിച്ചാണ് ഇതിൽ പ്രധാനപ്പെട്ടഭാഗം.ഇത് വായിച്ചതിലൂടെ എനിക്ക് സാമൂഹ്യശാസ്ത്രത്തിലേക്ക് കടന്നുവരാൻ എനിക്ക് പ്രചോദനമായി. എനിക്ക് ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാൻ ഇ ഷ്ട്മാണ്. ഈ പുസ്തകം വായിച്ച മുതൽ എനിക്ക് മണ്ണിനെയും പ്രപഞ്ചത്തെയും കുറിച്ച് അറിയാൻ ഉത്സാഹമായി.ഇന്ദിരാഗാന്ധി മൈസൂരിലേക്ക് ഉപരി പഠനത്തിന് പോയപ്പോൾ അച്ഛൻ അയച്ച കൊടുത്ത കത്തുകളാണ് ഇതെല്ലാം.

തസ്ലീമ.പി.വി

*9A*

ആസ്വാദനകുറിപ്പ്

# റേഡിയേഷനും മനുഷ്യനും

കെ ജോർജിന്റെ റേഡിയേഷനും മനുഷ്യനും എന്ന പുസ്തകം എനിക്ക് വളരേയധികം ഇഷ്ടപ്പെട്ടു. താപം,പ്രകാശം,ശബ്ദം,എന്നിവ പോലെ ഊർജത്തിന്റെ മറ്റൊരു രൂപമാണ് റേഡിയേഷൻ.ഇതിൽ വൈദ്യുത-കാന്തിക തരംഗങ്ങൾ,പ്രോട്ടോൺ,ന്യൂട്രോൺ,റേഡിയോ ആക്ടീവ് സ്രോതസ്സുകളിൽ നിന്നും പുറത്തുവരുന്ന പലവിധ കണങ്ങൾ,രശ്മികൾ ആണവറിയാക്ടറുകളിൽ നിന്നും പുറത്തുവരുന്ന ന്യൂട്രോണുകൾ എന്നിവ ഉൾപ്പെടുന്നു.എക്സ്റേ പോലുള്ള റേഡിയേഷൻ പരിശോധനകൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളും.ഈപുസ്തകം ശാസ്ത്രകുതികികൾക്കും പൊതുവായനക്കാർക്കും ഏറെ പ്രയോജനമായി തീരും.കെ ജോർജ് പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ശാസ്ത്രസംബന്ധമായ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.പലതരത്തിലുള്ള റേഡിയേഷനുകളാൽ നിറഞ്ഞ ഒരു ലോകത്താണ് മനുഷ്യൻ ജീവിക്കുന്നതെന്ന് പിന്നീട് ശാസ്ത്രം തിരിച്ചറിഞ്ഞു.റേഡിയേഷനെ കുറിച്ച് വസ്തു നിഷ്ഠമായ വിജ്ഞാനം വളർത്താൻ ഈ പുസ്തകം സഹായകമാകുന്നുണ്ട്.

വ്യക്തിപരിചയം

# ചെറുശ്ശേരി

**ക്രി.വ പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി.കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.**

**ANAMIKA**
**9B**

കവിത

# ആവണിപ്പാട്ട്

മാമരകൊമ്പത്ത് വന്നിരുന്നോമന

പൂക്കിളിയാവണി പാട്ടുപാടി

ആപ്പാട്ടുകേട്ടൊരു പൂവാലനണ്ണാൻ

താളത്തിൽ ചാടിക്കുസൃതി കാട്ടി

ഒച്ചവെച്ചെത്തിയ പാവളം പൈങ്കിളി

മുത്തുചിതറിച്ചിരുന്നു ചൊല്ലി

മാമരക്കൊമ്പത്തെ പൂങ്കിളിപ്പെണ്ണിൻ

പാട്ടത്ര സുന്ദര മെന്തു രസം

**DEVANANDHA 9B**

*വ്യക്തിപരിചയം*

# വള്ളത്തോൾ

12-ാം വയസ്സിൽ കിരാതശകം എന്ന മണിപ്രവാളകൃതി രചിച്ചുകൊണ്ട് മലയാളസാഹിത്യത്തിലേക്ക് പ്രവേശിച്ച മലയാളത്തിന്റെ മഹാകവി വളരെ ചെറുപ്പത്തിൽ തന്നെ അഷ്ടാംഗഹൃദയം,സംസ്കൃതം,തർക്കശാസ്ത്രം

എന്നിവ അഭ്യസിച്ചിരുന്നു.പല സാഹിത്യ മാസികകളുടെയും പത്രാധിപസ്ഥാനം തുടർന്നുവന്ന വള്ളത്തോൾ1909 ൽ പ്രശസ്ത വാൽമീകി രാമായണം പ്രസിദ്ദപ്പെടുത്തി ചിത്രയോഗമാണ് മഹാകാവ്യം അണബാധയെത്തു

ടർന്ന് ബദിരനായ അദ്ദേഹം അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ബധിരവിലാപം എന്ന ഖണ്ഡകാവ്യം രചിച്ച

***മലയാളത്തിന് വളരെ പ്രിയപ്പെട്ട ഈ കവി 1937 ൽ ചെറുതുരുത്തിയിൽ കേരള കലാമണ്ഡലം സ്ഥാപിച്ചു കൊച്ചി രാജാവ് കവി സാർവ്വഭൗമൻ' എന്ന ബിരുദവും 1947 -ൽ മദ്രാസ് ഗവൺമെന്റ് കേരളത്തിന്റെ ആസ്ഥാനകവി എന്ന സ്ഥാനവും നൽകി ആദരിച്ചു. 1958 മാർച്ച് 13 ന് ഈ ലോകത്തിൽ നിന്നും അദ്ദേഹം മറഞ്ഞുപോയി.***

# നന്ദി.......................

**ഡിജിറ്റൽ മാഗസീനു പിന്നിൽ പ്രവർത്തിച്ച**

**ഹെഡ്മാസ്റ്റർ, അധ്യാപകർ, കുട്ടികൾ തുടങ്ങിഎല്ലാവർക്കും**

**ഒറ്റവാക്കിൽ നന്ദി പറയുന്നു.**

**നന്ദി.**